## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 59** **08-08-2023 - ൽ മറുപടിയ്ക്ക്**

## കൊല്ലം ഐ.ടി. ഇടനാഴി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2022-23 ബജറ്റിൽ പ്രഖ്യാപിച്ച കൊല്ലം ഐ.ടി. ഇടനാഴി പദ്ധതിയുടെ പദ്ധതി രൂപീകരണ പുരോഗതി വിശദമാക്കുമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ ദേശീയപാത 66 ന് സമാന്തരമായി നാല് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിന് കിഫ്ബി ലാന്റ് അക്വിസിഷൻ പൂളിൽ നിന്നും 1000 കോടി രൂപ വകയിരുത്തിയിരുന്നു. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയോഗിച്ചുകൊണ്ടും ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷനിംഗ് അതോറിറ്റിയായി മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ടി.ഐ.എൽ നെ നിയമിച്ചുകൊണ്ടും നാല് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുവാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ടെക്നോപാർക്ക് മൂന്നാം ഘട്ടം മുതൽ കൊല്ലം വരെ ഉൾപ്പെട്ടതാണ് ഒന്നാം ഇടനാഴി. ഈ ഇടനാഴിക്ക് വേണ്ടി 17 ലാന്റ് പാഴ്സലുകൾ കണ്ടെത്തിയിരുന്നു. ഇവയുടെ സ്വീകാര്യത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും കമ്മിറ്റി സ്ഥലങ്ങൾ സന്ദർശിച്ച് ഇതിൽ 6 ലാന്റ് പാഴ്സലുകൾ (ഏകദേശം 200 ഏക്കറോളം ഭൂമി) പദ്ധതിയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടി സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | പദ്ധതിക്കായി ഭൂമി കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനുമായി സ്വീകരിച്ച് വരുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | 022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ ദേശീയപാത 66 ന് സമാന്തരമായി നാല് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിന് കിഫ്ബി ലാന്റ് അക്വിസിഷൻ പൂളിൽ നിന്നും 1000 കോടി രൂപ വകയിരുത്തിയിരുന്നു. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയോഗിച്ചുകൊണ്ടും ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷനിംഗ് അതോറിറ്റിയായി മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ടി.ഐ.എൽ നെ നിയമിച്ചുകൊണ്ടും നാല് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുവാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ടെക്നോപാർക്ക് മൂന്നാം ഘട്ടം മുതൽ കൊല്ലം വരെ ഉൾപ്പെട്ടതാണ് ഒന്നാം ഇടനാഴി. ഈ ഇടനാഴിക്ക് വേണ്ടി 17 ലാന്റ് പാഴ്സലുകൾ കണ്ടെത്തിയിരുന്നു. ഇവയുടെ സ്വീകാര്യത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും കമ്മിറ്റി സ്ഥലങ്ങൾ സന്ദർശിച്ച് ഇതിൽ 6 ലാന്റ് പാഴ്സലുകൾ (ഏകദേശം 200 ഏക്കറോളം ഭൂമി) പദ്ധതിയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടി സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ